(ബി) കരാറടിസ്ഥാനത്തിൽ മുമ്പ് സൂപ്പർവൈസർമാരായി ജോലി നോക്കിയിരുന്ന 67 അംഗൻവാടി വർക്കർമാർക്ക് സൂപ്പർവൈസർമാരായി കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ഇവരുടെ നിയമനം തികച്ചും താൽക്കാലികവും ഒരു വർഷത്തേക്കോ, പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികൾ വരുന്നതു വരെയോ, ഏതാണോ ആദ്യം അതുവരെ എന്ന വ്യവസ്ഥയിലാണ്. അംഗൻവാടി വർക്കർമാർക്ക് സംവരണം ചെയ്ത സൂപ്പർവൈസർ തസ്തികയിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ഇപ്പോൾ 383 ഒഴിവുകൾ ഉണ്ട്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഐ.സി.ഡിഎസ്. സൂപ്പർവൈസർ തസ്തികയിലെ നിയമനം

42 (615) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിലേയ്ക്ക് ഇപ്പോൾ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽ കരാർ/ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോ ; എങ്കിൽ അവരുടെ എണ്ണം എത്രയെന്ന് പറയാമോ ;

(സി) ഈ തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിനു ഇപ്പോൾ എന്തെങ്കിലും തടസ്സം ഉണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേൽപ്പറഞ്ഞ തസ്തികകളിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 383

(ബി) ഉണ്ട്. 67

(സി) ഈ തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് തടസ്സം ഇല്ല.

(ഡി) 496 ഒഴിവുകൾ

സാമൂഹ്യക്ഷേമ വകുപ്പിൽ സ്ത്രീകൾക്കായി സംവരണം ചെയ്ത തസ്തികകൾ

43 (616) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly